LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പത്താം സമ്മേളനം

2004 ഡിസംബർ 1, ബുധൻ

വാല്യം CXXIII] **ഔദ്യോഗിക റിപ്പോർട്ട്** **[നമ്പർ 1**

നിയമസഭ 2004 ഡിസംബർ മാസം 1-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ : ഓർഡർ, ഓർഡർ ..... ചോദ്യം നമ്പർ 1

..... (ബഹളം) ..... പ്ലീസ് ..... പ്ലീസ് (ബഹളം) ..... Yes one at a time. Please ..... please ..... please ..... onc at a time ..... (ബഹളം) .....

പ്രതിപക്ഷനേതാവ് (*ശ്രീ. വി. എസ്. അച്ചുതാനന്ദൻ*) : ചോദ്യോത്തരവേള സസ്പെൻഡ് ചെയ്തുകൊണ്ട് അടിയന്തിര പ്രമേയത്തിന് അനുവാദം നൽകുന്നതായിരിക്കും ഉചിതമെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മിസ്റ്റർ സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർമാരോട് എനിക്ക് പറയാനുള്ള കാര്യം, നിയമസഭയ്ക്ക് ചില ചട്ടങ്ങളും നിയമങ്ങളും നടപടിക്രമങ്ങളും ഉണ്ട്. അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. അതിന് നിശ്ചയിച്ച സമയത്ത് ആ കാര്യം